# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3795 19.03.2018-ൽ മറുപടിക്ക്

### ചാലക്കുടിയിൽ പെൺകുട്ടികൾക്കായി ഹോസ്റ്റൽ കെട്ടിടംചാലക്കുടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| എ) ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, ഈസ്റ്റ് ചാലക്കുടി കോമ്പൗണ്ടിൽ ആർ.എം.എസ്.എ. ഫണ്ട് ഉപയോഗിച്ച്, പെൺകുട്ടികൾക്കായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | എ) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം ആർ.എം.എസ്.എയുടെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ചാലക്കുടി ഗവ: ഗേൾസ് ഹോസ്ററലിന്റെ നിർമ്മാണത്തിന് (കേന്ദ്ര- സംസ്ഥാന സർക്കാർ വിഹിതം 60:40 എന്ന അനുപാതത്തിൽ) 255.11 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. ഇതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും പ്രകാരം 367 ലക്ഷം രൂപയാണ് ആകെ നിർമ്മാണചെലവ് പ്രതീക്ഷിക്കുന്നത്. മേൽ ഹോസ്റ്റൽ സൗകര്യം ഹയർസെക്കൻററി വിദ്യാർത്ഥികൾക്ക് കൂടി ലഭ്യമാക്കണമെന്ന നിബന്ധനയിൽ ഈ പദ്ധതിക്കായി 255.11 ലക്ഷം രൂപ ആർ.എം.എസ്.എയും ബാക്കി വരുന്ന 111.89 ലക്ഷം രൂപ ഹയർ സെക്കൻററി ഡയറക്ടറേറ്റും വഹിക്കേണ്ടതാണ് എന്ന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹയർസെക്കൻററി വകുപ്പിന്റെ വിഹിതമായി 111.89 ലക്ഷം രൂപ ആർ.എം.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നും എന്തെല്ലാം സൗകര്യങ്ങളാണ് ഈ നിർദ്ദിഷ്ട ഹോസ്റ്റലിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ? | ബി) | ഹയർ സെക്കൻററി പദ്ധതി വിഹിതം ലഭ്യമായാൽ ഉടൻ തന്നെ തുടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിക്കുവാൻ കഴിയും. **34** മൂന്ന് ബെഡ് കിടക്കമുറികളും, ഒരു ബെഡ് സിക്ക് റൂമും, ഭിന്നശേഷിക്കാർക്കായി രണ്ട് ബെഡ് മുറിയും ഉൾപ്പെടേ **105** കിടക്കകളും ഉൾക്കൊള്ളിച്ചിട്ടുള്ള **1923.39** ച.മീറ്റർ വിസ്തീർണ്ണമുള്ള മൂന്ന് നിലകെട്ടിമാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. **100** വിദ്യാർത്ഥിനികൾക്ക് ഇരുന്ന് പഠിക്കുവാനുള്ള പഠനമുറി, **100** പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കുവാനുള്ള ഡൈനിംഗ്ഹാൾ, ടി.വി കാണുന്നതിന് വിശാലമായ ഹാൾ, വിസിറ്റേഴ്സ് റൂം രണ്ട് നിലകളിൽ തുണികഴുകുന്നതിനുള്ള മുറി, അടുക്കളയ്ക്കും പാൻട്രിയ്ക്കും പുറമെ വിറക് അടുപ്പ് ഉപയോഗിക്കാനുള്ള സൗകര്യം എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ